## മലപ്പുറം ജില്ലയിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

303(2772) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി ഏത്ര പട്ടികജാതി കോളനികളിൽ നടപ്പിലാക്കുന്നുണ്ടെന്ന് പേരു സഹിതം വ്യക്തമാക്കുമോ;

(ബി) താനൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളിൽ എന്തൊക്കെ പ്രവൃത്തികളാണ് രൂപകല്പന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കോളനികളിലെ പ്രവൃത്തി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ് എന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 2012-13-ൽ 12 കോളനികളിലും 2013-14-ൽ 9 കോളനികളിലും സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നു.

2012-13 :

1. ഷാരത്ത്കുന്ന് കോളനി
2. മുച്ചിക്കുണ്ട് കോളനി
3. ചോലയിൽ കോളനി
4. പാണമ്പി കുറെക്കാട്ട്കുന്ന് കോളനി
5. ഞാറയ്ക്കാട് കോളനി
6. വലിയപറമ്പ് കോളനി
7. ഒട്ടുപുറം കോളനി
8. ഉദിനിക്കര കോളനി
9. കടവനാട് സൗത്ത് കോളനി
10. ജവഹർ കോളനി
11. കോലത്തുക്കുന്ന് കോളനി
12. ചോലക്കണ്ടി കോളനി

LIBRARY ARCHIVES Kerala Legislative Assembly

2013-14 :

1. അംബേദ്കർ കോളനി
2. കല്ലറക്കുന്ന് കോളനി
3. പൂക്കട്ടൂർ അംബേദ്കർ കോളനി
4. ചെമ്പ്രംപള്ളിയാലിൽ കോളനി (ആലിപ്പറമ്പ് )
5. നിറമരുതൂരേ ഐ.എച്ച്.ആർ.ഡി.പി. കോളനി (ആക്കിത്തടം)
6. കൊണ്ടേമ്പാട് കോളനി
7. മുനമ്പം കോളനി
8. മുട്ടംപുറം കോളനി

(ബി) താനൂർ നിയോജകമണ്ഡലത്തിൽ 2012-13 വർഷം ഒട്ടുപുറം കോളനിയെയും 2013-14 വർഷം നിറമരുതൂർ ഐ.എച്ച്.ആർ.ഡി.പി. കോളനിയെയും തെരഞ്ഞെടുത്തിട്ടുണ്ട്. പ്രവൃത്തികൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ

സിഡ്കോ - കോഴിക്കോട്.

(ഡി) വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2016 മാർച്ച് മാസം പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചടയമംഗലം മണ്ഡലത്തിൽ വിതരണം ചെയ്ത വ്യക്തിഗത ആനുകൂല്യം**

304(2773) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ പട്ടികജാതി സമുദായക്ഷേമ വകുപ്പിൽ നിന്നും വ്യക്തിഗത ആനുകൂല്യമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഗുണഭോക്താക്കളുടെ വിലാസവും ലഭിച്ച തുകയും അറിയിക്കുമോ?

GPM. 2/242/2020-52

LIBRARY ARCHIVES Kerala Legislative Assembly